**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **11-09-2023 - ൽ മറുപടിയ്ക്ക്**

**നൂതന ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൈതൃക ടൂറിസം, മുസിരീസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുവാനും സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവയ്ക്ക് തുടക്കം കുറിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന തലശ്ശേരി പൈതൃക പദ്ധതിയും ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയും മുസിരിസ് ഹെറിറ്റേജ് പദ്ധതിയും കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതി പ്രദേശങ്ങൾ കണ്ടെത്തുന്ന ക്രമത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പാക്കി വരുന്നു. ഇതിൽ വിദേശ-ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യുമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | സംസ്ഥാനത്തിന്റേതായ ഒരു ടൂറിസം വികസന മാതൃക രൂപപ്പെടുത്തുന്നതിനും ഇവിടുത്തെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റേതായ ഒരു ടൂറിസം വികസന മാതൃക രൂപപ്പെടുത്തുന്നതിനും ഇവിടുത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ വിനോദസഞ്ചാര വകുപ്പ് നടത്തി വരുന്നു . ടൂറിസ്റ്റുകൾ ധാരാളം എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനു പുറമേ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴിയും പ്രവർത്തിക്കുന്ന ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എം. സി. എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ൽ എത്തിച്ച് നല്കുന്ന ഒരു പദ്ധതിയും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നു. കോവളം ടൂറിസം കേന്ദ്രത്തിൽ എക്കോ പ്രിസർവ് എന്ന NGO മുഖേന ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിച്ചു സംസ്കരിച്ചു വരുന്നു . കേരളത്തിന്റെ തനത് ടൂറിസം മാതൃക രൂപപ്പെടുത്തുന്നതിനായി പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ പ്രകൃതി സൗഹൃദമായി ടൂറിസം പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം വഴി നടത്തി വരുന്നുണ്ട് . വിവിധ ഉത്സവങ്ങളും സാംസ്കാരിക പരിപാടികളും മത്സരാധിഷ്ഠിത വിനോദങ്ങളും ടൂറിസവുമായി കോർത്തിണക്കി ആകർഷകങ്ങളാക്കി ആവിഷ്കരിക്കുന്നുണ്ട് . കേരളാ ടൂറിസം മുന്നോട്ടു വയ്ക്കുന്ന പുതിയ മാതൃകകളായി കാരവൻ ടൂറിസം, ഹെലി ടൂറിസം , സിനിമാ ടൂറിസം, സ്ത്രീ സൗഹൃദ ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയവ സാദ്ധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത് .<br><br>പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ 14 ജില്ലകളിലായി നിയോഗിച്ചിട്ടുണ്ട് . കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനു വേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട് . ബീച്ചുകളിലും മറ്റ് ചില മേഖലകളിലും പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട് . |
| (സി) | സംസ്ഥാനത്ത് ജല സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനായി ഏതെല്ലാം പദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ജല സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന അന്താരാഷ്ട്രതലത്തിൽ ധാരാളം മത്സരങ്ങളും ഫെസ്റ്റുകളും സംഘടിപ്പിച്ചു വരുന്നു.<br><br>1. മലബാർ റിവർ ഫെസ്റ്റിവൽ<br><br>2. ചാലിയാർ റിവർ ചലഞ്ച്<br><br>3. ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്<br><br>4. പിണറായി വാട്ടർ ഫെസ്റ്റിവൽ 2023<br><br>5. കയാക്കിംഗ് ചാമ്പ്യൻഷിപ്പ് |

| | | | |
|---|---|---|---|
| | | | കൂടാതെ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി ചുവടെ സൂചിപ്പിയ്ക്കുന്ന മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.<br><br>1. സാഹസിക ടൂറിസം രജിസ്ട്രേഷൻ<br><br>2. സർഫിംഗ് ട്രെയിനിംഗ് പ്രോഗ്രാം<br><br>3. സർഫിംഗ് അക്കാദമി, ഗോദീശ്വരം, കോഴിക്കോട്<br><br>4. ഫ്ലോട്ടിംഗ് ബ്രിഡ്ജ്<br><br>5. കയാക്കിംഗ് അക്കാദമി , തുഷാരഗിരി<br><br>ഒട്ടേറെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ജല വിനോദമായ വള്ളം കളി മത്സരങ്ങൾ ചാമ്പ്യൻസ് ബോട്ട് ലീഗ് വഴി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ